



# ടച്ച് മീ

TOUCH ME

നവംബർ 2025


16th
Happy Anniversary
21-11-2025
Santy Augustine
Nisha Santy
Chittadiyil House
Kottayil Road, Kunnamkulam
Best Compliments From : Ankith and Adhya




# ടച്ച് മീ
TOUCH ME

## പാരിഷ് ബുള്ളറ്റിൻ

പുസ്തകം : 18 | 2025 നവംബർ | ലക്കം : 3

സെന്റ്. സെബാസ്റ്റ്യൻ കാത്തലിക് ചർച്ച്,
കുന്നംകുളം 680 503
(മറ്റം ഫൊറോന - തൃശ്ശൂർ അതിരൂപത)
kunnamkulamch@adtcr.org
www.touchmekkm.in

## എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റർ
**ഫാ. ഡെയ്സൻ മുണ്ടോപുറം**
96566 54567

എഡിറ്റർ & ഇടവക പി.ആർ.ഒ.
**വി.സി. ജോസി**
98470 17297
E-mail : vcjosy@gmail.com

സബ് എഡിറ്റർ
**സിസ്റ്റർ അൻസ ജോസ്** CMC
80869 50771

സെക്രട്ടറി
**എം.എൽ. സുനിൽ**
98464 34411

ട്രഷറർ
**എം.കെ. ദേവസ്സി**
94953 28758

മാനേജിംഗ് എഡിറ്റർ
**ജോൺസൺ പാവു**
94476 54230

അഡ്വർടൈസിംഗ് മാനേജർ
**സിജോ ജോസഫ്**
79074 38671

ലിറ്റർജി ഇൻചാർജ്ജ് : **ജാക്വിലിൻ വിനു**-7034551605
മിഴിവിളക്ക് ഇൻചാർജ്ജ് : **അനീന മരിയ ഷാജി**-6235960700
വഴിവിളക്ക് ഇൻചാർജ്ജ് : **റിജി പ്രിൻസ്**-7902232331
നാളാകമം ഇൻചാർജ്ജ്: **സാന്ദ്ര വി.എം.**-6282284467
വാർത്തകൾ ഇൻചാർജ്ജ് : **സാനിയ വി.എം.**-6282284467

കൈക്കാരന്മാർ
കെ.എൽ. ലോയ്ഡ് 89212 45453
വർഗ്ഗീസ് ആന്റണി 75599 69881
ജോഫി ജോസഫ് 98471 22268

## താളുകൾ മറിയ്ക്കുമ്പോൾ

| | |
|---|---|
| എഡിറ്റോറിയൽ | 2 |
| ഇടയമൊഴി | 3 |
| കാത്തുകൊള്ളാം ഞാൻ | 4 |
| ഇടവക വാർത്തകൾ | 5 |
| വഴിവിളക്ക്, പ്രതിനിധിയോഗം | 8 |
| വിശ്വാസപരിശീലനം | 9 |
| സഭാവാർത്തകൾ | 11 |
| സമിതി ഭാരവാഹികൾ | 12 |
| ഇനിയും നീ മരിക്കുന്നില്ലല്ലോ! | 16 |
| തിരുനാൾ മഹോത്സവം | 17 |
| സംയുക്ത തിരുനാൾ കമ്മിറ്റി | 18 |
| ഭൂമിയിൽ നിന്നൊരു കുളിർക്കാറ്റ് | 21 |
| സംഘടനാ വാർത്തകൾ | 23 |
| ഇടവക ആൽബം | 25 |
| മിഴിവിളക്ക് | 28 |
| നിറംകൊടുക്കാമോ | 29 |
| ജൂനിയർ സി.എൽ.സി. | 30 |
| അടിക്കുറിപ്പ് മത്സരം | 31 |
| വചന കലണ്ടർ | 32 |

## വിശുദ്ധ കുർബാന

**ഞായർ 6.00 am & 9.00 am**
**സാധാരണ ദിവസം 6.30 am**

## എഡിറ്റോറിയൽ...

നവംബർ മാസം! സകല വിശുദ്ധരെയും സകല മരിച്ചവരെയും ഓർക്കുന്ന ദിവസങ്ങൾ! ഈ സമയം നമ്മുടെ മനസ്സിൽ നിന്നും ഉയരുന്ന ഒരു പ്രാർത്ഥന ഇതുമാത്രമായിരിക്കട്ടെ.ദൈവമേ , എന്നെ കുറിച്ചുള്ള അങ്ങയുടെ പദ്ധതികൾ എന്താണെന്ന് വെളിപ്പെടുത്തണമേ. നമുക്കറിയാം. ദൈവം അറിയാതെ ഒന്നും സംഭവിക്കുന്നില്ല .
ദൈവം അനുവദിക്കാതെ ഒന്നും നമുക്കെതിരെ വരികയില്ല.
എല്ലാം നന്മയ്ക്കാണെന്ന് വിശ്വസിക്കുക .
ഒരു കാര്യം പ്രത്യേകം വിശ്വസിക്കണം.
ദൈവത്തിൽ നിന്ന് നന്മ മാത്രമേ വരികയുള്ളൂ.
ദൈവത്തിൽ നിന്ന് സ്നേഹം മാത്രമേ വരികയുള്ളൂ .
കാരണം ദൈവം പൂർണ്ണമായും നന്മയാണ്, സ്നേഹമാണ്. ദൈവത്തിന്റെ ഇഷ്ടങ്ങളെ നാം ഇഷ്ടപ്പെടണം. ഞാൻ ഏത് അവസ്ഥയിലായിരിക്കാൻ ദൈവം ഇഷ്ടപ്പെടുന്നുവോ ആ അവസ്ഥയെ ഇഷ്ടപ്പെടുക. ഞാൻ രോഗിയായിരിക്കാനും പരാജിതനാകാനും ഒറ്റപ്പെടാനുമാണ് ദൈവം ഇഷ്ടപ്പെടുന്നതെങ്കിൽ ആ ദൈവേഷ്ടത്തെ ഇഷ്ടപ്പെടുക. വേദനയിലൂടെ നമ്മെ കടത്തിവിടുന്ന ദൈവത്തിന്റെ ഇഷ്ടങ്ങളിലെ നന്മയെയും സ്നേഹത്തെയും തിരിച്ചറിയുക . നാം മരണത്തിനിപ്പുറമുള്ള ജീവിതം കണ്ട് കാര്യങ്ങൾ ചെയ്യുമ്പോൾ ദൈവം മരണത്തിനപ്പുറമുള്ള നിത്യത കണ്ടുകൊണ്ടാണ് ജീവിതത്തെ ക്രമപ്പെടുത്തുന്നത്. ജീവിതം ഏതവസ്ഥയിലായാലും പാപാവസ്ഥയിൽ ആകാതിരിക്കാൻ ശ്രദ്ധിക്കണം. ദൈവം നമ്മുടെ ജീവിതത്തെ വിജയകരമാക്കും . നാം വിജയിക്കണമെന്ന് നമ്മെക്കാൾ കൂടുതൽ ദൈവം ആഗ്രഹിക്കുന്നു. നാം എത്ര കണക്കുകൂട്ടിയാലും എല്ലാ കണക്കും തെറ്റിച്ച് കുറച്ചു കാലം കഴിയുമ്പോൾ നാം എല്ലാവരും ഇവിടെ നിന്ന് പോകേണ്ടവരാണ്. വെട്ടിപ്പിടിച്ചതും... കെട്ടിപ്പിടിച്ചതും... നോക്കിവച്ചതും... കണ്ടുവെച്ചതും... പറഞ്ഞുവച്ചതും... കഷ്ടപ്പെട്ട് സമ്പാദിച്ചതും.... സൂക്ഷിച്ചു വച്ചതും... എല്ലാം ഉപേക്ഷിച്ചു പോകണം... പോകേണ്ടവരെ പോലെ ജീവിക്കാൻ പഠിക്കണം... വിജയകരമായി ജീവിക്കാൻ മാത്രമല്ല... വിജയകരമായി മരിക്കാനും പഠിക്കണം... ഹൃദയത്തിൽ നന്മയും വിശുദ്ധിയും സ്നേഹവും ഉണ്ടെങ്കിൽ മരണ നിമിഷങ്ങൾ ആനന്ദകരമാക്കാം. വിജയകരമാക്കാം. നമ്മുടെ ജീവിതം ദൈവത്തിൽ നിന്ന് തുടങ്ങി ദൈവത്തിൽ തന്നെ അവസാനിക്കുന്നതാണ് എന്നറിയണം. അതിനിടയിൽ കുറച്ചുനാൾ...

ദൈവത്തിൽ നിന്ന് തുടങ്ങിയ ജീവിതം ദൈവത്തിൽ തന്നെ അവസാനിപ്പിക്കുക! യഥാർത്ഥത്തിൽ അതാണ് ജീവിതവിജയം. ഉള്ളിൽ അടിഞ്ഞുകൂടി കിടക്കുന്ന വെറുപ്പും കോപവും നഷ്ടബോധങ്ങളും നിരാശയും കഴുകി കളയുക. വെറുപ്പ് നമ്മുടെ മനസ്സിനെ രോഗിയാക്കും. നഷ്ടബോധങ്ങൾ മനസ്സിനെതളർത്തും. നിരാശ ആത്മഹത്യയിലേക്ക് നയിച്ചേക്കാം. എല്ലാവരോടും സ്നേഹത്തിൽ ആയിരിക്കുക. ബന്ധങ്ങൾ സന്തോഷത്തിന്റെയും അനുഗ്രഹത്തിന്റെയും ഉറവിടങ്ങളാണ് . എനിക്ക് നിന്നെ വേണ്ട എന്ന് പറയുന്ന വ്യക്തിയിലൂടെ ആയിരിക്കും ഒരു പക്ഷേ ദൈവം നമ്മെ അനുഗ്രഹിക്കാനിരിക്കുന്നത്. ആരെയും നിസ്സാരരായി കണ്ട് തള്ളിക്കളയരുത്. ഒരുപക്ഷേ നിങ്ങൾ സിംഹങ്ങൾ ആയിരിക്കും. എന്നാൽ ചില അവസരങ്ങളിൽ സിംഹത്തിന്റെ ജീവൻ രക്ഷിക്കാൻ എലികൾക്ക് സാധിക്കും. ഒരു ഉറുമ്പ് വിചാരിച്ചാലും ആനയെ ബുദ്ധിമുട്ടിക്കാം. എല്ലാവരുമായും നല്ല ബന്ധത്തിൽ ആയിരിക്കുക. സ്നേഹത്തിൽ ആയിരിക്കുക . മനസ്സിൽ വെളിച്ചം ഉണ്ടാകട്ടെ !

ടച്ച് മീ
TOUCH ME
എഡിറ്റോറിയൽ ബോർഡ്



# ഇടയമൊഴി

## പ്രാർത്ഥിക്കുന്ന ഈശോ


പ്രലോഭനങ്ങളിൽ വീഴാതിരിക്കാൻ ഉണർന്നിരുന്ന് പ്രാർത്ഥിക്കാൻ ഈശോ തന്റെ ശിഷ്യന്മാരോട് ആവശ്യപ്പെട്ടെങ്കിലും (മത്താ 26:41) അതവർ ചെവികൊള്ളാത്തതുകൊണ്ട് നിർണ്ണായക നിമിഷങ്ങളിൽ അവർ വീണുപോയി. ശിഷ്യന്മാരുടെ അനുഭവം എല്ലാ ക്രിസ്ത്യാനികൾക്കും ഒരു താക്കീതാണ്. ഒരു ക്രിസ്ത്യാനി അറിയപ്പെടേണ്ടത് പ്രാർത്ഥിക്കുന്ന മനുഷ്യനായിട്ടാണ്. എത്ര വലിയ സാമൂഹ്യ സേവനങ്ങൾ ചെയ്താലും പ്രാർത്ഥിക്കാത്ത ക്രിസ്ത്യാനി വീണുപോകും. രാത്രികാലങ്ങളിൽ ഒറ്റക്ക് മലമുകളിൽ പ്രാർത്ഥിക്കുന്ന ഈശോ (മർക്കോ 1:35; 9:2, ലൂക്കാ 9:28-29, മത്താ 14:23) ആയിരിക്കണം എല്ലാ ക്രിസ്ത്യാനികൾക്കും മാതൃക. ആത്മാർത്ഥതയോടെയുള്ള പ്രാർത്ഥനാ ജീവിതം ക്രിസ്ത്യാനികളെ മറക്കാനും പൊറുക്കാനും ശക്തരാക്കുന്നതോടൊപ്പം ദൈവത്തിന്റെ കരുണാർദ്രമായ ക്ഷമ എല്ലാവരുമായി പങ്കുവെക്കുവാനും അവരെ പ്രാപ്തരാക്കും.

### ആത്മാവിൽ ജ്വലിക്കുവാൻ

16. തെറ്റായ കൂട്ടുകെട്ടുകൾ, സാഹചര്യങ്ങൾ പൂർണ്ണമായും ഉപേക്ഷിക്കുക.
17. ആത്മീയ പിതാവുമായി ഹൃദയം തുറന്ന് സംസാരിക്കുക.
18. നിരന്തരമായ അനുതാപം, നിരന്തരമായ ആന്തരിക സൗഖ്യം
19. ദാനധർമ്മം ചെയ്യുന്നതിൽ വീഴ്ച വരുത്താതിരിക്കുക.

*ആത്മാവിൽ ജ്വലിക്കുന്നവരാകാൻ ദൈവം അനുഗ്രഹിക്കട്ടെ...*

യേശുവിൽ സ്നേഹപൂർവ്വം
വികാരിയച്ചൻ
ഫാ. ഡെയ്സൻ മുണ്ടോപുറം



# കാത്തുകൊള്ളാം ഞാൻ

**Dn. ANSON PANNAKTHIL CST**

കരം നൽകി കരുതലായ് നിന്ന നിങ്ങളെ,
കാവലായ് കൂടെ നിന്ന നിങ്ങളെ,
കണ്ണുനീരിനിടയിലും പുഞ്ചിരി സമ്മാനിച്ച നിങ്ങളെ,
താളപ്പിഴകളിൽ താളം പകർന്ന നിങ്ങളെ,
എന്നെ ഞാനായി വിലമതിച്ച നിങ്ങളെ,
മൃദുമന്ത്രണങ്ങളാൽ പ്രത്യാശ പകർന്ന നിങ്ങളെ,
മകനായ് കണ്ട് ചേർത്തുപിടിച്ച നിങ്ങളെ,
സഹോദരനായികണ്ട് കൂടെകൂട്ടിയ നിങ്ങളെ,
കൂട്ടുകാരനായികണ്ട് കൈപിടിച്ച നിങ്ങളെ,
അച്ചനായിക്കണ്ട് ബഹുമാനിച്ച നിങ്ങളെ,
അതിഥിയായിക്കണ്ട് സത്കരിച്ച നിങ്ങളെ,
അജ്ഞതയുടെ ഇരുളിലും അറിവു പകർന്ന നിങ്ങളെ,
തിരുത്തലുകൾ തന്നെന്റെ തിരഞ്ഞെടുപ്പിൽ സന്തോഷിച്ച നിങ്ങളെ,
തിരക്കി വന്നുകൊള്ളാം എന്ന് വാക്ക് നൽകിയ നിങ്ങളെ,
തികഞ്ഞ സ്നേഹത്തോടെ മുന്നോട്ട് നയിച്ച നിങ്ങളെ,
തിക്താനുഭവങ്ങളിൽ കണ്ണീരകറ്റിയ നിങ്ങളെ,
ഉൾത്തടത്തിൽ പ്രാർത്ഥനാദീപങ്ങൾ എനിക്കായ് -
തെളിയിച്ച നിങ്ങളെ
ചേർത്തുകൊള്ളാം ഞാൻ കർതൃസന്നിധിയിൽ ഇന്നുമെന്നും -
കൃതജ്ഞതയോടെ,
കാത്തുകൊള്ളാം ഞാൻ മനസ്സിന്റെ താളുകളിൽ -
ഒളിമങ്ങാതെയെന്നും

## അറിയിപ്പ്

**മാമ്മോദീസ, മനസമ്മതം, വിവാഹം.... Etc....**
എന്നിവ നടത്തിയതിന്റെ സർട്ടിഫിക്കറ്റുകൾ,
നടത്തിയ ദിവസമോ, അല്ലെങ്കിൽ അതിന്റെ ഏറ്റവും അടുത്ത ദിവസമോ
വികാരിയച്ചന്റെ കയ്യിൽ ഏൽപ്പിക്കേണ്ടതാണ്.

# ഇടവക വാർത്തകൾ

**നവംബർ 4 ചൊവ്വ : കപ്പേളയിൽ ലദ്ദീഞ്ഞ് & നൊവേന**

| | |
|---|---|
| 06.30 pm | : സെന്റ് ആന്റണീസ് കപ്പേളയിൽ ലദ്ദീഞ്ഞ് & നൊവേന |

**നവംബർ 7 വെള്ളി : മാസാദ്യവെള്ളി & ഒന്നാം വെള്ളിയാചരണം**

| | |
|---|---|
| 06.00 am | : ആരാധന, കുമ്പസാരം & കരുണകൊന്ത |
| 06.30 am | : വി. കുർബാന, ലദ്ദീഞ്ഞ്, നൊവേന & നേർച്ചവിതരണം |

**നവംബർ 8 ശനി : കപ്പേളയിൽ ലദ്ദീഞ്ഞ് & നൊവേന**

| | |
|---|---|
| 06.30 pm | : സെന്റ് മേരീസ് കപ്പേളയിൽ ലദ്ദീഞ്ഞ് & നൊവേന |

**നവംബർ 9 ഞായർ : പി.ടി.എ. പൊതുയോഗം,<br>ശിശുദിന ഒരുക്ക പരിപാടികൾ, യൂത്ത് സണ്ടേ, യുവജന സംഗമം**

| | |
|---|---|
| 10.30 am | : പി.ടി.എ. പൊതുയോഗം ദൈവാലയത്തിൽ<br>(നേതൃത്വം : പി.ടി.എ.) |
| 10.45 am | : ശിശുദിന ഒരുക്കപരിപാടികൾ - പുഞ്ചിരി മത്സരം, ക്രിസ്തുരാജ ഫാൻസി ഡ്രസ്സ് മത്സരം, ശിശുദിന പ്രസംഗ മത്സരം പാരിഷ് ഹാളിൽ വെച്ച്<br>(നേതൃത്വം : തിരുബാലസഖ്യം) |
| 03.00 pm | : യൂത്ത് സണ്ടേ യുവജനസംഗമ വി. കുർബാന<br>(നേതൃത്വം : യുവജന കൂട്ടായ്മ) |
| 04.30 pm | : യൂത്ത് സണ്ടേ യുവജന സംഗമം - Blaze 2.0<br>(നേതൃത്വം : യുവജനകൂട്ടായ്മ) |
| 07.30 pm | : യൂത്ത് സണ്ടേ യുവജനസംഗമ സമാപനം<br>(നേതൃത്വം : യുവജന കൂട്ടായ്മ) |

**നവംബർ 14 വെള്ളി : ശിശുദിനം, തിരുബാലസഖ്യ പ്രെയർ ഡേ<br>& രണ്ടാം വെള്ളിയാചരണം**

| | |
|---|---|
| 06.00 am | : ആരാധന, കുമ്പസാരം & കരുണക്കൊന്ത |
| 06.30 am | : വി. കുർബാന, ലദ്ദീഞ്ഞ്, നൊവേന & നേർച്ചവിതരണം |
| 05.00 pm | : തിരുബാലസഖ്യ പ്രെയർഡേ ആരാധന<br>(നേതൃത്വം : തിരുബാലസഖ്യം) |
| 05.30 pm | : ശിശുദിന പ്രാർത്ഥന, ആശീർവാദം, മധുരവിതരണം<br>(നേതൃത്വം : തിരുബാലസഖ്യം) |

## നവംബർ 16 ഞായർ : ന്യൂസ് പേപ്പർ കളക്ഷൻ & ഉണർവ്വ് 2025

| | |
|---|---|
| 10.30 am | : ന്യൂസ് പേപ്പർ കളക്ഷൻ<br>(നേതൃത്വം : അൾത്താരസംഘം) |
| 10.45 am | : ഉണർവ്വ് സെമിനാർ യൂത്ത് സി.എൽ.സി. അംഗങ്ങൾക്ക്<br>(നേതൃത്വം : യൂത്ത് സി.എൽ.സി.) |

## നവംബർ 21 വെള്ളി : മൂന്നാം വെള്ളിയാചരണം

| | |
|---|---|
| 06.00 am | : ആരാധന, കുമ്പസാരം & കരുണകൊന്ത |
| 06.30 am | : വി. കുർബാന, ലദീഞ്ഞ്, നൊവേന & നേർച്ചവിതരണം |

## നവംബർ 22 ശനി : വി. സിസിലിയുടെ തിരുനാൾ & ഗായകസംഘ ദിനം

| | |
|---|---|
| 06.00 am | : ആരാധന, ലദീഞ്ഞ്, പുഷ്പാർച്ചന & നൊവേന<br>(നേതൃത്വം : ഗായകസംഘം) |
| 06.30 am | : കാഴ്ചസമർപ്പണം, തിരുനാൾ കുർബാന, ആദരണീയം, തിരുനാൾ കാരുണ്യസമർപ്പണം & നേർച്ചവിതരണം<br>(നേതൃത്വം : ഗായകസംഘം) |
| 06.00 pm | : പതാകവന്ദനം, അംഗത്വസീകരണം<br>(നേതൃത്വം : ഗായകസംഘം) |
| 06.30 pm | : ഗായകസംഘ വാർഷിക പൊതുയോഗം, സമ്മാനവിതരണം<br>കുടുംബസംഗമം, കുടുംബാംഗങ്ങൾക്ക് ആദരണീയം<br>കലാവിരുന്ന് & സ്നേഹവിരുന്ന്. |

## നവംബർ 23 ഞായർ : ക്രിസ്തുരാജത്വ തിരുനാൾ & ഉണ്ണിശോയ്ക്കൊരു കത്ത് & ബൈബിൾ മാസാചരണ ആരംഭം

| | |
|---|---|
| 06.00 am | : ബൈബിൾ മാസാചരണ ആരംഭം & വി. കുർബാന<br>(നേതൃത്വം : സിറ്റിസൻസ് കൗൺസിൽ) |
| 08.30 am | : ക്രിസ്തുരാജത്വ റാലി 2025<br>(നേതൃത്വം : വിശ്വാസ പരിശീലന കുട്ടികൂട്ടായ്മ) |
| 09.00 am | : വി. കുർബാന |
| 10.45 am | : വിശ്വാസപരിശീലന കുട്ടികൂട്ടായ്മ വ്യക്തികത കായികമത്സരങ്ങൾ<br>(നേതൃത്വം : വിശ്വാസപരിശീലന കുട്ടികൂട്ടായ്മ) |

## നവംബർ 28 വെള്ളി : നാലാം വെള്ളിയാചരണം

| | |
|---|---|
| 06.00 am | : ആരാധന, കുമ്പസാരം & കരുണകൊന്ത |
| 06.30 am | : വി. കുർബാന, ലദീഞ്ഞ്, നൊവേന & നേർച്ചവിതരണം |

**നവംബർ 30 ഞായർ : സ്നേഹോത്സവം 2025, വിശ്വാസപരിശീലന സംഗമം & വി. ചാൾസ് ബൊറോമിയോയുടെ തിരുനാൾ & അഭയം 2025 & ഏയ്ഞ്ചൽസ് ഡേ**

| | |
|---|---|
| 06.00 am | : വി. കുർബാന & സ്നേഹോത്സവ ആരംഭം, കുടുംബകൂട്ടായ്മകളിലെ പുൽക്കൂടോടുകൂടിയ ഉണ്ണീശോസ്വരൂപം നൽകുന്നു. |
| 07.30 am | : അഭയം 2025 |
| 08.45 am | : പാപ്പദിനം (നേതൃത്വം : തിരുബാലസഖ്യം) |
| 09.00 am | : വി. ചാൾസ് ബൊറോമിയോയുടെ തിരുനാൾ കുർബാന, സന്ദേശം, തിരുനാൾ കാരുണ്യസമർപ്പണം, വിശ്വാസപരിശീലന അദ്ധ്യാപകർക്ക് ആദരം & നേർച്ച വിതരണം (നേതൃത്വം : സ്റ്റുഡൻസ് കൗൺസിൽ) |
| 10.30 am | : ഏയ്ഞ്ചൽസ് ഡേ ആരാധന & കുമ്പസാരം |
| 02.00 pm | : വിശ്വാസ പരിശീലകരുടെ സംഗമം & കുടുംബസംഗമം (നേതൃത്വം : പി.ടി.എ.) |
| 04.00 pm | : വിശ്വാസപരിശീലന വിദ്യാർത്ഥികളുടെ വ്യക്തിഗത കലാമത്സരങ്ങൾ (നേതൃത്വം : വിശ്വാസപരിശീലന കുട്ടികൾ) |

**നവംബർ മാസത്തിലെ ഞായറാഴ്ചകളിൽ ഒന്നാമത്തെ വി. കുർബാന ബൈബിൾ വായനകൾക്കും കാറോസൂസ ശുശ്രൂഷയ്ക്കും നേതൃത്വം നൽകേണ്ട കുടുംബകൂട്ടായ്മകൾ**

| തിയ്യതി | കുടുംബകൂട്ടായ്മ |
|---|---|
| നവംബർ 02 ഞായർ | സെന്റ് സേവ്യർ കുടുംബകൂട്ടായ്മ |
| നവംബർ 09 ഞായർ | സെന്റ് ജോസഫ് കുടുംബകൂട്ടായ്മ |
| നവംബർ 16 ഞായർ | മേരിമാതാ കുടുംബകൂട്ടായ്മ |
| നവംബർ 23 ഞായർ | സെന്റ് ആന്റണി കുടുംബകൂട്ടായ്മ |
| നവംബർ 30 ഞായർ | സെന്റ് തോമസ് കുടുംബകൂട്ടായ്മ |

**വികാരിയച്ചന്റെ ഭവനസന്ദർശനം & പ്രതിഷ്ഠ പ്രാർത്ഥന**

| | | |
|---|---|---|
| സെന്റ് ജോസഫ് കുടുംബകൂട്ടായ്മ | നവംബർ 24, 25 | (06 pm to 10 pm) |
| മേരിമാതാ കുടുംബകൂട്ടായ്മ | നവംബർ 26, 27, 28 | (06 pm to 10 pm) |
| സെന്റ് ആന്റണി കുടുംബകൂട്ടായ്മ | ഡിസംബർ 1, 2 | (06 pm to 10 pm) |
| സെന്റ് തോമസ് കുടുംബകൂട്ടായ്മ | ഡിസംബർ 3, 4, 5 | (06 pm to 10 pm) |
| സെന്റ് സേവ്യർ കുടുംബകൂട്ടായ്മ | ഡിസംബർ 8, 9 | (06 pm to 10 pm) |
| സെന്റ് ജോർജ്ജ് കുടുംബകൂട്ടായ്മ | ഡിസംബർ 10, 11, 12 | (06 pm to 10 pm) |

# വഴിവിളക്ക്

# പത്ത് കല്പനകൾ

**എട്ടാം കല്പന**

"കള്ളസാക്ഷ്യം പറയരുത്"

"നീ നിന്റെ അയൽക്കാരനെതിരായി വ്യാജസാക്ഷ്യം നൽകരുത്" (പുറ: 20:16)

സത്യം അഥവാ സത്യസന്ധതയെന്നത് ഒരുവൻ തന്റെത്തന്നെ പ്രവൃത്തികളിൽ സത്യമുള്ളവനായും വാക്കുകളിൽ സത്യസന്ധതയുള്ളവനായും പ്രദർശിപ്പിക്കുന്നതിലും ദ്വന്ദഭാവം, കപടനാട്യം എന്നിവക്കെതിരെ സ്വയം സംരക്ഷിക്കുന്നതിലും അടങ്ങിയിരിക്കുന്ന ഒരു സുകൃതമാണ്. (സി.സി.സി. 2505)

വ്യക്തികളുടെ സൽപേരിനോടും ആദരവിനോടുമുള്ള ബഹുമാനം വാക്കിലോ മനോഭാവത്തിലോ ഉള്ള സകല അപകീർത്തിപ്പെടലിനേയും ഏഷണിയേയും നിരോധിക്കുന്നു.

**ചിന്താവിഷയം**


1. എട്ടാം കല്പനയുടെ ലംഘനം നമ്മുടെ ജീവിതത്തെ എത്ര മാത്രം സ്വാധീനിക്കുന്നു?
2. പരസ്പരം ആദരിക്കാനുള്ള മനോഭാവം ഉണ്ടാകുവാൻ നാം സ്വീകരിക്കേണ്ട മാർഗ്ഗങ്ങൾ ഏവ?


തയ്യാറാക്കിയത്
കുടുംബകൂട്ടായ്മ കേന്ദ്രസമിതി, കുന്നംകുളം

# പ്രതിനിധിയോഗ വാർത്തകൾ

1. യോഗത്തിൽ നടത്തുകൈക്കാരൻ കെ.എൽ. ലോയ്ഡ് സ്വാഗതം പറഞ്ഞു.
2. സെപ്തംബർ മാസത്തെ റിപ്പോർട്ടും, വരവ്-ചെലവ് കണക്കും, ഓഡിറ്റ് റിപ്പോർട്ടും വായിച്ചു പാസ്സാക്കി.
3. ഇടവക ചെറിയ തിരുനാൾ റിപ്പോർട്ട് ജന. കൺവീനർ വി.ജെ. സുനിൽ അവതരിപ്പിച്ചു പാസ്സാക്കി.
4. ഇടവക ചെറിയ തിരുനാൾ വരവ്-ചെലവ് കണക്ക് ഫിനാൻസ് കൺവീനർ എം.എൽ. മാണി അവതരിപ്പിച്ച് പാസ്സാക്കി.
5. ജപമാല റാലി പതിവുപോലെ പതിവ് വഴിയിലൂടെതന്നെ നടത്തുന്നതിന് തീരുമാനിച്ചു.
6. നവംബർ മാസത്തെ പ്രതിനിധിയോഗം നവംബർ 30ന് കൂടുന്നതിന് തീരുമാനിച്ചു.


പ്രാർത്ഥനാശംസകൾ
ഡീക്കൻ മിനിസ്ട്രി കാലഘട്ടം
വിജയകരമായി പൂർത്തീകരിച്ച്
പൗരോഹിത്യ സ്വീകരണത്തിന്റെ
അവസാനഘട്ട ഒരുക്കത്തിലേക്കായി
ഇടവകയിൽനിന്ന് യാത്രയാകുന്ന
ഞങ്ങളുടെ സ്വന്തം ഡീക്കൻ
ആൻസൺ പന്നകത്തിൽ CSTക്ക്
കുന്നംകുളം സെന്റ് സെബാസ്റ്റ്യൻ
ഇടവക കുടുംബത്തിന്റെ
പ്രാർത്ഥനാശംസകൾ


11 th
HAPPY BIRTHDAY
02-11-2025
Happy Birthday
Abina C.S.
D/o. Sibi & Simi
Chungath House
Chiralayam - Kunnamkulam
Best Compliments From
ABIN, NAYANA, APPAPPA, AMMAMMA



31st
Happy
Anniversary
20-11-2025
Varghese Sunny &
Sheena Varghese
Kannanaikkal House
Nehru Nagar, Kunnamkulam
Best Compliments
Abee, Aiswarya & Jorden Abee, Alwin, Annmariya & Gabriella Mystica, Avin




36th
Happy
Anniversary
19-11-2025
Sebastian & Rosemary
Kallachenmuri House
Chiralayam, Kunnamkulam
Sharing Happiness
Blessy, Robin, Angelo | Anju, Necter
Chinju, Jith, Giabel Jith, Giaan Jith



പി.എ. ലില്ലി
(പ്രിൻസിപ്പാൾ)




# വിശ്വാസ പരിശീലനം

പ്രിയ കുഞ്ഞുങ്ങളേ,

എല്ലാവർക്കും സുഖമല്ലേ? അർദ്ധ വാർഷിക പരീക്ഷയുടെ ഉത്തരക്കടലാസുകൾ എല്ലാവർക്കും കിട്ടിയല്ലോ. എല്ലാവർക്കും നല്ല മാർക്ക് ഉണ്ടെന്ന് കരുതുന്നു. ക്ലാസ്സ് കയറ്റത്തിന് പരീക്ഷയുടെ മാർക്ക് കൂടി പരിഗണിക്കുമെന്ന് അറിയാമല്ലോ.

ക്രൈസ്തവ മൂല്യങ്ങൾക്ക് പ്രാധാന്യം കൊടുത്തുകൊണ്ടുള്ള പഠനമാണ് വിശ്വാസ പരിശീലനം എന്ന് നമുക്കറിയാം. പുസ്തകം കാണാതെ പഠിച്ച് പരീക്ഷയിൽ ഉയർന്ന മാർക്ക് വാങ്ങി ഉന്നതവിജയം നേടുക എന്നത് മാത്രമായിരിക്കരുത് നമ്മുടെ ലക്ഷ്യം. ഒരു നല്ല ക്രിസ്ത്യാനി - ക്രിസ്തുവിന്റെ അനുയായിയായി ജീവിക്കുക എന്നതും കൂടിയാണ്. നമ്മൾ യഥാർത്ഥ ക്രിസ്ത്യാനിയാണെന്ന് ജീവിതത്തിലൂടെ കാണിച്ചുകൊടുക്കണം. അതുകൊണ്ടു തന്നെ വിശ്വാസത്തിനു നിരക്കാത്ത കാര്യങ്ങൾ നമ്മുടെ ഭാഗത്തു നിന്ന് ഉണ്ടാവാതിരിക്കാൻ ശ്രദ്ധിക്കണം. ആ മൂല്യങ്ങൾക്കനുസരിച്ച് വളർത്തുകയെന്നത് മാതാപിതാക്കളുടേയും വിശ്വാസപരിശീലന അധ്യാപകരുടേയും ഒന്നാമത്തെ ചുമതലയാണ്.

ക്രിസ്തുവിന്റെ അനുയായികൾക്കു ചേരാത്ത ഒരു പെരുമാറ്റവും നമ്മിൽനിന്ന് ഉണ്ടാവരുത്. അത് ദേവാലയത്തിലും വിശ്വാസ പരിശീലന ക്ലാസ്സുകളിലും മാത്രമല്ല. എല്ലായിടത്തും അങ്ങനെ തന്നെ വേണം. നമ്മുടെ വ്യക്തിത്വത്തിന്റെ മുദ്ര അതായിരിക്കണം.

എല്ലാവർക്കും ക്രിസ്തുരാജതിരുനാളിന്റെ മംഗളങ്ങൾ നേർന്നുകൊണ്ട്

സ്നേഹത്തോടെ
ലില്ലി ടീച്ചർ

# ടച്ച്-മീ മുൻ എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾക്ക് ആദരവ്










## അനുമോദനങ്ങൾ

സെപ്തംബർ മാസത്തിൽ ഇടവകയിലെ
മികച്ച അൾത്താരബാലനായി
തെരഞ്ഞെടുത്ത
**പാണ്ടിമറ്റത്തിൽ അലക്സ് സജിക്ക്**
***ഇടവക കുടുംബത്തിന്റെ***
***അനുമോദനങ്ങൾ***



# സഭാ വാർത്തകൾ

**ഉത്ഥിതനായ ഈശോ പൂർണതയ്ക്ക് വേണ്ടിയുള്ള നമ്മുടെ ദാഹത്തെ ശമിപ്പിക്കുന്ന ഉറവ: ലിയോ 14 ാമൻ പാപ്പ**

വത്തിക്കാൻ സിറ്റി: ഉത്ഥിതനായ ക്രിസ്തുവാണ് നമ്മുടെ ഉറപ്പും പ്രത്യാശയുമെന്നും അവിടുന്നാണ് പൂർണതയ്ക്ക് വേണ്ടിയുള്ള നമ്മുടെ ദാഹത്തെ ശമിപ്പിക്കുന്ന ഉറവയെന്നും ലിയോ 14–ാമൻ പാപ്പ. ബുധനാഴ്ചയിലെ പൊതുസദസ്സിൽ 'യേശുക്രിസ്തു, നമ്മുടെ പ്രത്യാശ' എന്ന തലക്കെട്ടിലുള്ള മതബോധനപരമ്പരയിലാണ് പാപ്പ ഇക്കാര്യം പറഞ്ഞത്. നമ്മുടെ ജീവിതത്തെ അടയാളപ്പെടുത്തുന്ന പരസ്പരവിരുദ്ധമായ വികാരങ്ങളെയും പരിമിതികളെയുംകുറിച്ച് പരിശുദ്ധ പിതാവ് വിചിന്തനം ചെയ്തു –'ചിലപ്പോൾ, നമുക്ക് സന്തോഷം തോന്നുന്നു; മറ്റു ചിലപ്പോൾ, ദുഃഖം തോന്നുന്നു. നമുക്ക് സംതൃപ്തിയോ സമ്മർദ്ദമോ, നിരാശയോ തോന്നിയേക്കാം. മറ്റു ചിലപ്പോൾ, ഒരിക്കലും ലഭിക്കാത്ത വിജയത്തിനോ അംഗീകാരത്തിനോ വേണ്ടി നാം കാത്തിരിക്കുന്നു. ചുരുക്കത്തിൽ, നമ്മൾ സന്തുഷ്ടരായിരിക്കാൻ ആഗ്രഹിക്കുന്നു, പക്ഷേ നിലനിൽക്കുന്ന സന്തോഷം പലപ്പോഴും നമുക്ക് അന്യമാണ്.' പാപ്പ പറഞ്ഞു.

**വേളാങ്കണ്ണിയിൽ 1500 വിശുദ്ധരുടെ തിരുശേഷിപ്പ് പ്രദർശനം ഒരുക്കി; നേതൃത്വം നൽകിയത് കാർലോ അക്യൂറ്റസ് ഫൗണ്ടേഷൻ**

വേളാങ്കണ്ണി: വേളാങ്കണ്ണി അന്താരാഷ്ട്ര മരിയൻ ബസിലിക്കയിൽ 1500 വിശുദ്ധരുടെ തിരുശേഷിപ്പ് പ്രദർശനം നടത്തി. ജൂബിലി വർഷാചരണങ്ങളുടെ ഭാഗമായി തഞ്ചാവൂർ അതിരൂപതാധ്യക്ഷൻ ഡോ. ടി. സത്യരാജിന്റെ നിർദ്ദേശപ്രകാരമായിരുന്നു തിരുശേഷിപ്പ് പ്രദർശനം ഒരുക്കിയത്. ബസിലിക്കാ റെക്ടർ ഫാ. ഇരുദയരാജ് തിരുശേഷിപ്പുകൾ അൾത്താരയിൽനിന്ന് പ്രദക്ഷിണമായി മോർണിംഗ് സ്റ്റാർ ദൈവാലയത്തിൽ പ്രതിഷ്ഠിച്ച് പ്രദർശനം ഉദ്ഘാടനം ചെയ്തു. ബസിലിക്കാ വൈസ് റെക്ടർ ഫാ. അർപ്പിത രാജ് പ്രദർശനത്തിനു നേതൃത്വം നൽകി. പ്രദർശനത്തിന് ഒരുക്കിയത് ഫാ. എഫ്രേം കുന്നപ്പള്ളിയുടെ നേതൃത്വത്തിലുള്ള കാർലോ അക്യൂറ്റസ് ഫൗണ്ടേഷനാണ്. ഫാ. എഫ്രേമിനൊപ്പം അദ്ദേഹത്തിന്റെ പിതാവ് ജോയ്സ് എഫ്രേം (ഫൗണ്ടേഷൻ പ്രസിഡന്റ്), ഫൗണ്ടേഷൻ വൈസ് പ്രസിഡന്റ് അജീഷ് ബെന്നി എന്നിവർ നേതൃത്വം നൽകി.

## സെന്റ് സെബാസ്റ്റ്യൻ ചർച്ച്, കുന്നംകുളം

### ടച്ച്-മീ പാരിഷ് ബുള്ളറ്റിൻ സമിതി 2025-2028

| | | |
|---|---|---|
| ഇടവക വികാരി | ചീഫ് എഡിറ്റർ | 9656654567 |
| വി.സി. ജോസി | എഡിറ്റർ | 9847017297 |
| സിസ്റ്റർ അൻസ ജോസ് | സബ് എഡിറ്റർ | 8086950771 |
| എം.എൽ. സുനിൽ | സെക്രട്ടറി | 9846434411 |
| എം.കെ. ദേവസ്സി | ട്രഷറർ | 9495328758 |
| ജോൺസൻ പാവു | മാനേജിംഗ് എഡിറ്റർ | 9447654230 |
| സിജോ ജോസഫ് | അഡ്വ. മാനേജർ | 7907438671 |
| ജാക്വലിൻ വിനു | ലിറ്ററി ഇൻചാർജ്ജ് | 7034551605 |
| അനീന മരിയ ഷാജി | മിഴിവിളക്ക് ഇൻചാർജ്ജ് | 6235960700 |
| റിജി പ്രിൻസ് | വഴിവിളക്ക് ഇൻചാർജ്ജ് | 7902232331 |
| സാന്ദ്ര വി.എം. | നാളാഗമം ഇൻചാർജ്ജ് | 6282284467 |
| സാനിയ വി.എം. | വാർത്തകൾ ഇൻചാർജ്ജ് | 6282284467 |

### അനുരഞ്ജന സമിതി 2025-2028

| | | |
|---|---|---|
| ഇടവക വികാരി | ചെയർമാൻ | 9656654567 |
| നടത്തു കൈക്കാരൻ | വൈസ് ചെയർമാൻ | |
| സിസ്റ്റർ ബെൻസി CMC | സമർപ്പിത പ്രതിനിധി | 9175819987 |
| പേൾജു ബി. ചുങ്കത്ത് | ജന. കൺവീനർ | 9847031110 |
| എൻ.ജെ. ജെയ്മോൻ | ജോ. ജന. കൺവീനർ | 9349852495 |
| തോംസൺ തച്ചിൽ | കമ്മറ്റിയംഗം | 9626049420 |
| ജോസ്സി ഫ്രാൻസീസ് | കമ്മറ്റിയംഗം | 9447068953 |
| കെ.പി. സെബാസ്റ്റ്യൻ | കമ്മറ്റിയംഗം | 9446627614 |
| റിയ മിക്കി | കമ്മറ്റിയംഗം | 9497802788 |
| പ്രിൻസി ഫ്രാൻസിസ് | കമ്മറ്റിയംഗം | 8547574063 |

## സെന്റ് സെബാസ്റ്റ്യൻ ചർച്ച്, കുന്നംകുളം

### ഇടവക കൺസ്ട്രക്ഷൻ സമിതി 2025-2028

| | | |
|---|---|---|
| ഇടവക വികാരി | ചെയർമാൻ | 9656654567 |
| ചുങ്കത്ത് ബേബി രാജു | ജന. കൺവീനർ | 9847481110 |
| പോയ്സ് ജേബി | ജോ. കൺവീനർ | 9961118927 |
| തോംസൺ തച്ചിൽ | സെക്രട്ടറി | 9446049420 |
| എൻ.ജെ. ജെയ്മോൻ | ജോ. സെക്രട്ടറി | 9349852495 |
| സി.ഒ. ആന്റണി | ട്രഷറർ | 9249888232 |
| ജോഫി ജോസഫ് | സെന്റ് ജോസഫ് ഇൻചാർജ്ജ് | 9847122268 |
| ജോപോൾ വി. ആലപ്പാട്ട് | മേരി മാതാ ഇൻചാർജ്ജ് | 9446723804 |
| സാംസൺ സി.എം. | സെന്റ് ആന്റണി ഇൻചാർജ്ജ് | 9446764210 |
| ബാബു കെ.ജി. | സെന്റ് തോമസ് ഇൻചാർജ്ജ് | 9961999487 |
| വർഗ്ഗീസ് ആന്റണി | സെന്റ് ജോർജ്ജ് ഇൻചാർജ്ജ് | 7559969881 |
| ജോൺസൺ പാവു | സെന്റ് സേവ്യർ ഇൻചാർജ്ജ് | 9447654230 |

### ഇടവക മീഡിയ സെൽ സമിതി 2025-2028

| | | |
|---|---|---|
| ഫാ. ഡെയ്സൻ മുണ്ടോപുറം | വികാരി | 9656654567 |
| വി.സി. ജോസി | പി.ആർ.ഒ. | 9847017297 |
| എബിൻ ബാബു | അസി. പി.ആർ.ഒ. | 9188806885 |
| അരുൺ ആന്റണി | സമിതി അംഗം | 9746945554 |
| അമൽദേവ് ജെയ്സൻ | സമിതി അംഗം | 9544563215 |
| രാഹുൽ സുരേഷ് | സമിതി അംഗം | 7736600958 |
| സെനിറ്റ് സുനിൽ | സമിതി അംഗം | 9497655725 |
| കൃപദാസ് പി.ജെ. | സമിതി അംഗം | 7034595049 |
| സന്ദീപ് സുനിൽ | സമിതി അംഗം | 9567446693 |
| ഷിയോൺ ജോസി | സമിതി അംഗം | 9961954646 |

## സെന്റ് സെബാസ്റ്റ്യൻ ചർച്ച്, കുന്നംകുളം

### ഇടവക പാക്ട് & അജപാലന സമിതി 2025-2028

| | | |
|---|---|---|
| **ഇടവക വികാരി** | ചെയർമാൻ | 9656654567 |
| **നടത്തു കൈക്കാരൻ** | വൈസ് ചെയർമാൻ | |
| **സിസ്റ്റർ ബെൻസി CMC** | സമർപ്പിത പ്രതിനിധി | 8078998170 |
| **എം.എൽ. മാണി** | ജന. കൺവീനർ | 9446391580 |
| **ഹെന്ന റോബി** | ജോ. ജന. കൺവീനർ | 7012414268 |
| **കെ.ജി. ബാബു** | കമ്മറ്റിയംഗം | 9961999487 |
| **സി.എൻ. ഇമ്മാനുവേൽ** | കമ്മറ്റിയംഗം | 9539030439 |
| **വർഗ്ഗീസ് ആന്റണി** | കമ്മറ്റിയംഗം | 9387421881 |
| **ഫെമി ജോൺസൺ** | കമ്മറ്റിയംഗം | 9646649525 |
| **ജീന ജിജു** | കമ്മറ്റിയംഗം | 9605031110 |

### ഇന്റൻസീവ് ഫെയ്ത്ത് ആർമി സമിതി 2025-2028

| | | |
|---|---|---|
| **പേൾജു ബി. ചുങ്കത്ത്** | ജന. കൺവീനർ | 9847031110 |
| **സിയ ഷാജു** | ജോ. ജന കൺവീനർ | 8891856461 |
| **വി.സി. ജോസി** | സെക്രട്ടറി | 9748017297 |
| **സി.എൻ. ഇമ്മാനുവേൽ** | ട്രഷറർ | 9539030439 |
| **ജോസ് കിരൺ** | സെന്റ് ജോസഫ് ഇൻചാർജ്ജ് | 9539537997 |
| **വി.ജെ. സുനിൽ** | മേരിമാതാ ഇൻചാർജ്ജ് | 9447615901 |
| **സി.എം. സാംസൺ** | സെന്റ് ആന്റണി ഇൻചാർജ്ജ് | 9446764210 |
| **കെ.ജി. ബാബു** | സെന്റ് തോമസ് ഇൻചാർജ്ജ് | 9961999487 |
| **വർഗ്ഗീസ് ആന്റണി** | സെന്റ് ജോർജ്ജ് ഇൻചാർജ്ജ് | 7559969881 |
| **എം.എൽ. സുനിൽ** | സെന്റ് സേവ്യർ ഇൻചാർജ്ജ് | 9846434411 |
| യൂത്ത് സി.എൽ.സി. & കെ.സി.വൈ.എം. | | |

## സെന്റ് സെബാസ്റ്റ്യൻ ചർച്ച്, കുന്നംകുളം

### അത്മായ പ്രേഷിത സമിതി 2025-2028

| ഔദ്യോഗിക അംഗീകാരം വഴിയുള്ള അംഗങ്ങൾ | |
|---|---|
| 1. വികാരി (ചെയർമാൻ) | 9656654567 |
| 2. കൈക്കാരന്മാർ (വൈസ് ചെയർമാൻമാർ | |
| 3. കൺവീനർമാർ (പ്രതിനിധിയോഗം തെരഞ്ഞെടുത്തവർ | |
| 1) **ലിയോൺ ജോർജ്ജ്** (ജന. കൺവീനർ) | 9605614973 |
| 2) **ലില്ലി ആന്റണി** (ജോ. ജന. കൺവീനർ) | 9400162851 |

**പ്രിപ്പറേഷൻ കമ്മറ്റി**

1. അഭിലാഷ് എം.ജെ. (കൺവീനർ) - 9249712666
2. ഷാബു കെ.ജി.
3. ജോസ് വി.എ.
4. ടോണി പി.ജെ.
5. ഇമ്മാനുവേൽ സി.എൻ.
6. ജാൻസി ബാബു

---

**കാറ്ററിംഗ് കമ്മറ്റി**

1. രാജു ബി. ചുങ്കത്ത് (കൺവീനർ) - 9847431110
2. കെ.എൽ. ലോയ്ഡ്
3. കെ.ടി. ബൈജു
4. വർഗ്ഗീസ് ആന്റണി
5. ആന്റു വർഗ്ഗീസ്
6. റീന ടോണി
7. ഹെന്ന റോബിൻ
8. അനു അഭിലാഷ്
9. ബിന്ദു രാജു
10. ലാലി വിനയൻ
11. സീന ടോണി
12. റിയ മിക്കി
13. റൂബി ജെയ്സൺ
14. ഷെൻസി സാംസൺ
15. ലിറ്റി ജോൺസൻ
16. മാണി എം.എൽ.
17. പോയ്സ് ജേബി
18. പേൾജു ബി. ചുങ്കത്ത്
19. ബാബു കെ.ജെ.
20. കൃപദാസ് പി.ജെ.
21. ജോഫി ജോസഫ്
22. വർഗ്ഗീസ് ആന്റണി

---

**ലിറ്റർജി കമ്മറ്റി**

1. ആനന്ദി സുനിൽ (കൺവീനർ) - 9495855053
2. ജാൻസി ആന്റോ
3. ഫ്ളോറൻസ് ലോയ്ഡ്
4. ഉല്ലാസൻ
5. അൽഫോൻസ് വിത്സൻ

---

**പ്രൊസഷൻ കമ്മറ്റി**

1. വർഗ്ഗീസ് സണ്ണി (കൺവീനർ) - 9447669236
2. ടോണി സി.ആർ.
3. സുനിൽ വി.ജെ.
4. ജോൺപോൾ
5. മിക്കി വി.ജെ.

# ഇനിയും നീ മരിക്കുന്നില്ലല്ലോ!



ക്രിസ്റ്റി വി.ജെ.

അമ്മയുടെ ചൂടിൽ നിന്നുയർന്ന സ്നേഹമേ,
ഇനിയും നീ മരിക്കുന്നില്ലല്ലോ!
പിടയുന്ന നെഞ്ചിൽ തിളയ്ക്കുന്ന സ്നേഹമേ,
ഇനിയും നീ മരിക്കുന്നില്ലല്ലോ!
ഭൂവിന്റെ സ്പന്ദനമാം സ്നേഹമേ,
ഇനിയും നീ മരിക്കുന്നില്ലല്ലോ!
അറിയാതെയെന്നെ നയിക്കുന്ന സ്നേഹമേ,
ഇനിയും നീ മരിക്കുന്നില്ലല്ലോ!
ഈ നിമിയിലും നിന്നെ നോവിക്കുമെ-
ന്നെ നീയെന്തിനും ചേർത്തുനിർത്തിടുന്നു?
നിന്നെയൊരിക്കലും കരുതാത്ത എന്റെ
കണ്ണീരെന്തിനു നീ മായ്ച്ചീടുന്നു?
ഏകയാമെന്റെ മനസ്സിനു കനലായ്
എന്തിനു നീ ചൂടേകിടുന്നു?
എന്റെ മൗനത്തിൻ ദുഃഖം കേൾക്കുന്ന സ്നേഹമേ,
എനിക്കു ജീവനേകിടുന്ന സ്നേഹമേ
മാതാപിതാക്കളായ് ഗുരുജനങ്ങളായ്
എന്നിൽ നിറയുന്ന സ്നേഹമേ,
ഇനിയും നീ മരിക്കുന്നില്ലല്ലോ!
ഒരിക്കലും നീ മരിക്കുന്നില്ലല്ലോ!

## കുടുംബകൂട്ടായ്മ സമ്മേളനങ്ങൾ

| തിയ്യതി | സമയം | കുടുംബകൂട്ടായ്മ | വസതി |
|---|---|---|---|
| 09-11-2025 | 3.00 pm | സെന്റ് ജോസഫ് | വാകയിൽ ലോനപ്പൻ ജോസ് (M.G.R.A., ഗേൾസ് ഹൈസ്കൂളിന് സമീപം) |
| 09-11-2025 | 4.00 pm | മേരിമാതാ | തേക്കിൻകാട് മാണി ജോയ് ഇമ്മാനുവേൽ (ഇന്ദിരാനഗർ 2nd അവന്യു) |
| 16-11-2025 | 3.00 pm | സെന്റ് ആന്റണീസ് | ചുങ്കത്ത് മേരി ഫ്രാൻസീസ് (കക്കാട്) |
| 16-11-2025 | 4.00 pm | സെന്റ് തോമസ് | കുഴിപ്പള്ളിൽ വർഗ്ഗീസ് ജോണി (കിഴൂർ അമ്പലക്കുളത്തിനടുത്ത്) |
| 23-11-2025 | 3.00 pm | സെന്റ് ജോർജ്ജ് | ചൊവ്വല്ലൂർ പറിഞ്ചു ജോസ് (ചെറുകുന്ന് റോഡ്) |
| 23-11-2025 | 6.30 pm | സെന്റ് സേവ്യർ | വാർഷികം (സെഹിയോൻ ശാല - പള്ളി പാരിഷ്ഹാൾ) |

സെന്റ് സെബാസ്റ്റ്യൻ ചർച്ച്, കുന്നംകുളം

**ഇടവകയുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ**
**വി. സെബസ്ത്യാനോസിന്റേയും**
**ഇടവകയുടെ സ്വർഗ്ഗീയ സഹ മദ്ധ്യസ്ഥരായ**
**പരി. കന്യകാമാതാവിന്റേയും, വി. എവുപ്രാസ്യമ്മയുടേയും**

*279-ാമത്*

# തിരുനാൾ മഹോത്സവം

**2026 ജനുവരി 10, 11, 12 (ശനി, ഞായർ, തിങ്കൾ)**

2025 ഡിസംബർ 31 ബുധൻ
ആരാധന, മദ്ധ്യസ്ഥ പ്രാർത്ഥന

2026 ജനുവരി 2 വെള്ളി
ഇടവക തിരുനാൾ കൊടിയേറ്റം - തിരുനാൾ വിളംബരം

2026 ജനുവരി 4 ഞായർ
പ്രദക്ഷിണാതിർത്തികളിൽ തിരുനാൾ കൊടിയേറ്റം

2026 ജനുവരി 9 വെള്ളി
ദീപാലങ്കാര സ്വിച്ച് ഓൺ കർമ്മം

2026 ജനുവരി 10 ശനി
കൂടുതുറക്കൽ ശുശ്രൂഷ, അമ്പ്, വള, തിരുശേഷിപ്പ് എഴുന്നെള്ളിപ്പ്

2026 ജനുവരി 11 ഞായർ – തിരുനാൾ ദിനം
തിരുനാൾ കുർബാന, പ്രസുദേന്തി വാഴ്ച, തിരുനാൾ പ്രദക്ഷിണം

2026 ജനുവരി 12 തിങ്കൾ
മരിച്ചവരുടെ ഓർമ്മ, വാഹനവെഞ്ചിരിപ്പ്, തിരുനാൾ കലാസന്ധ്യ

2026 ജനുവരി 18 ഞായർ
തിരുനാൾ എട്ടാമിടം, ഇടവക ദിനം

2026 ജനുവരി 20 ചൊവ്വ
വി. സെബസ്ത്യാനോസിന്റെ തിരുനാൾ, കാരുണ്യ സമർപ്പണം

# കുന്നംകുളം സെന്റ് സെബാസ്റ്റ്യൻ ചർച്ച്
# വി. സെബസ്ത്യാനോസിന്റേയും പരി. ദൈവമാതാവിന്റേയും വി. എവുപ്രാസ്യമ്മയുടേയും 279-ാമത് തിരുനാൾ

**2026 ജനുവരി 10, 11, 12 (ശനി, ഞായർ, തിങ്കൾ)**

## ഇടവക സംയുക്ത തിരുനാൾ കമ്മറ്റി 2026

### ചെയർമാൻ

വികാരി
**ഫാ. ഡെയ്സൻ മുണ്ടോപുറം**
✆ 96566 54567

### വൈസ് ചെയർമാൻമാർ

സിസ്റ്റർ സുപ്പീരിയർ
**സിസ്റ്റർ ബെൻസി**
✆ 9175819987

കൈക്കാരൻ
**കെ.എൽ. ലോയ്ഡ്**
✆ 8921245453

കൈക്കാരൻ
**വർഗ്ഗീസ് ആന്റണി**
✆ 7559969881

കൈക്കാരൻ
**ജോഫി ജോസഫ്**
✆ 9847122268

### ജനറൽ കൺവീനർ

**ജോപോൾ വി. ആലപ്പാട്ട്**
✆ 9446723804

### ജോ. ജനറൽ കൺവീനർ

**ഷോബി റൊണാൾഡ്**
✆ 8111922046

### സെക്രട്ടറി

പ്രതിനിധിയോഗം സെക്രട്ടറി
**തോംസൺ തച്ചിൽ**
✆ 9446049420

### ജോ. സെക്രട്ടറി

ദൈവാലയ ശുശ്രൂഷി
**വി.എ. ഉല്ലാസൻ**
✆ 9605784374

## ഫിനാൻസ് കമ്മിറ്റി

### കൺവീനർ

**എം.എൽ. സുനിൽ**
✆ 9846434411

### ജോ. കൺവീനർ

**സി.ഒ. ആന്റണി**
✆ 9249888232

### അംഗങ്ങൾ

**ഡോ. പൂജ ഫ്രാൻസീസ്**
**ഫ്ളോറൻസ് ലോയ്ഡ്**
**ഫെമി ജോൺസൺ**
**ജാക്വലിൻ വിനു**
**നിഷ ഷാജി**
**സൗമ്യ ദേവസ്സി**

## പബ്ലിസിറ്റി കമ്മിറ്റി

| കൺവീനർ | ജോ. കൺവീനർ |
|---|---|
| കെ. ജി. ബാബു | പേൾജു ബി. ചുങ്കത്ത് |
| ✆ 99619 99487 | ✆ 98470 31110 |

**അംഗങ്ങൾ**

പി. വി. ഷാജി
പി. ജെ. ജിൻസൺ
ജാൻസി പോൾ
പി. ജെ. ടോണി
ജോസ് കിരൺ
ഇ. സി. രാജു

## ലിറ്റർജി കമ്മിറ്റി

| കൺവീനർ | ജോ. കൺവീനർ |
|---|---|
| ശില്പ രാജു | ആനന്ദി സുനിൽ |
| ✆ 98954 05013 | ✆ 94958 55053 |

**അംഗങ്ങൾ**

ഫ്ളൗസി റോക്കി
അനു അഭിലാഷ്
സി. ആർ. ടോണി
സി. ഡി. ബിന്നി
ഷിബിത ബൈജു
കെ. ജെ. പ്രിൻസ്
ഇ. സി. ജോയ്

## പ്രൊസഷൻ കമ്മിറ്റി

| കൺവീനർ | ജോ. കൺവീനർ |
|---|---|
| എബിൻ ബാബു | പി. ജെ. കൃപദാസ് |
| ✆ 91888 06885 | ✆ 70345 95049 |

**അംഗങ്ങൾ**

അമിത് ടോണി
അരുൺ ആന്റണി
ടിജോ ജോൺസൺ
ജോൺ ഇമ്മാനുവേൽ
ക്രിസ്റ്റോ പോൾ
ജോയ് ജോസ്

## കാരുണ്യം & കലാസന്ധ്യ കമ്മിറ്റി

| കൺവീനർ | ജോ. കൺവീനർ |
|---|---|
| സി. എ. സാന്റി | വി. സി. ജോസി |
| ✆ 9497329496 | ✆ 98470 17297 |

**അംഗങ്ങൾ**

സി. ജെ. ജാസ്മിൻ
സിയ ഷാജു
രാഹുൽ സുരേഷ്
എം. എസ്. സന്ദീപ്

യൂത്ത് സി. എൽ. സി. സംഘടനാംഗങ്ങൾ & ഇടവക പാക്ട് & അജപാലനസമിതി അംഗങ്ങൾ

## ഇലുമിനേഷൻ കമ്മിറ്റി

| കൺവീനർ | ജോ. കൺവീനർ |
|---|---|
| വി.ജെ. സുനിൽ | സി.എം. സാംസൺ |
| ✆ 9447615901 | ✆ 94467 64210 |

**അംഗങ്ങൾ**

രാജു ബി. ചുങ്കത്ത് | പി.ജെ. ജോയ്

## ഡെക്കറേഷൻ കമ്മിറ്റി

| കൺവീനർ | ജോ. കൺവീനർ |
|---|---|
| ജാൻസി ആന്റോ | ആൽഫിൻ റൊണാൾഡ് |
| ✆ 98461 79169 | ✆ 9539295195 |

**അംഗങ്ങൾ**

എവിൻജോ വർഗ്ഗീസ് | ആന്റു വർഗ്ഗീസ് | എം.വി. അലീഷ്മോൻ
ലോലക്ക് വർഗ്ഗീസ് | കെ.ജെ. ജെയ്സൺ

## ഫുഡ് കമ്മിറ്റി

| കൺവീനർ | ജോ. കൺവീനർ |
|---|---|
| സി.എൻ. ഇമ്മാനുവേൽ | പോയ്സ് ജേബി |
| ✆ 95390 30439 | ✆ 99611 18927 |

**അംഗങ്ങൾ**

ലില്ലി ആന്റണി | ജാൻസി ബാബു | പോൾ പുഷ്പരാജ്

## വർണ്ണമഴ കമ്മിറ്റി

| കൺവീനർ | ജോ. കൺവീനർ |
|---|---|
| പി.ആർ. സജി | ജിനോ ജോൺ |
| ✆ 9656569615 | ✆ 75590 02433 |

**അംഗങ്ങൾ**

വി.എ. ജോസ് | ലിയോൺ ജോർജ്ജ്

## വളണ്ടിയർ കമ്മിറ്റി

| കൺവീനർ | ജോ. കൺവീനർ |
|---|---|
| എൻ.ജെ. ജെയ്മോൻ | കെ.പി. സെബാസ്റ്റ്യൻ |
| ✆ 93498 52495 | ✆ 94466 27614 |

**അംഗങ്ങൾ**

കെ.ജി. ഷാബു | മനോജ് വർഗ്ഗീസ് | പി.ഡി. ജോയ്
എം.എൽ. മാണി | ജിജു അറങ്ങാശ്ശേരി | വി.ജെ. മിക്കി

കത്തോലിക്കാ കോൺഗ്രസ്സ് സംഘടനാംഗങ്ങൾ



# ഭൂമിയിൽ നിന്നൊരു കുളിർക്കാറ്റ്

സിസ്റ്റർ റെജി തെരേസ്

നവംബർ മാസം! മരിച്ചുപോയ ആത്മാക്കൾക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുന്ന സുന്ദരമായ മാസം. മരണം മനുഷ്യന്റെ അന്ത്യമല്ലെന്നും മരണത്തിനപ്പുറമൊരു ജീവിതം ഉണ്ടെന്നുള്ളതും ക്രൈസ്തവ വിശ്വാസത്തിന്റെ അടിസ്ഥാനമാണ്. ക്രിസ്തീയ വിശ്വാസത്തിൽ മരണമെന്ന മഹാരഹസ്യത്തെ വിശദീകരിക്കുന്നത് യേശുവിന്റെ പുനരുത്ഥാനത്തെ ആധാരമാക്കിയാണ്. ക്രിസ്തുവിന്റെ ഉത്ഥാനത്തിൽ പങ്കുചേർന്ന് നിത്യജീവിതത്തിൽ പ്രവേശിക്കാൻ മരണത്തിലൂടെ കടന്നുപോയേ മതിയാവൂ.

ഭൂമിയിലുള്ള വിശ്വാസികളും സ്വർഗ്ഗത്തിലെ വിശുദ്ധരും ശുദ്ധീകരണസ്ഥലത്തിലെ ആത്മാക്കളും ശിരസ്സാകുന്ന ക്രിസ്തുനാഥന്റെ ഏക ഭൗതിക ശരീരമാണ്. കത്തോലിക്കാ തിരുസ്സഭയെന്ന് പറയുന്നത് മൂന്ന് സഭകളുടെ കൂട്ടായ്മയാണ്. വിജയസഭ, സമരസഭ, സഹനസഭ. മരണം മൂലം നമ്മിൽനിന്ന് വേർപിരിഞ്ഞ് സ്വർഗ്ഗത്തിൽ എത്തിച്ചേർന്നിരിക്കുന്നവരുടെ സമൂഹമാണ് വിജയസഭ. ഈ ഭൂമിയിലായിരിക്കുമ്പോൾ പ്രകമ്പനത്തോടും, പാപത്തോടും പിശാചിനോടും യുദ്ധം ചെയ്ത് വിജയിച്ച് സ്വർഗ്ഗത്തിലെത്തിയവർ. സമരസഭ നമ്മൾ ഓരോരുത്തരുമാണ്. നമ്മൾ മരണനിമിഷം വരെ ലോകം, ശരീരം, പിശാച് എന്നീ ശത്രുക്കൾക്കെതിരെ യുദ്ധത്തിലാണ്. ആരാണ് സഹനസഭയിലെ അംഗങ്ങൾ? എന്താണ് സഹനസഭ? ശുദ്ധീകരണ സ്ഥലത്തിൽ സങ്കടമനുഭവിക്കുന്ന ആത്മാക്കളെയാണ് സഹനസഭ എന്ന് പറയുന്നത്. അവർ സഹനത്തിലാണ്. ശുദ്ധീകരണ സ്ഥലത്തിലാണ്.

വി. ചാവറ പിതാവ് പറയുന്നു "ശുദ്ധീകരണസ്ഥലത്തെ ഒരു നിമിഷം ഭൂമിയിലെ ഒരു യുഗം പോലെ അനുഭവപ്പെടും. ശുദ്ധീകരണാത്മാക്കളുടെ ഏറ്റവും വലിയ വേദന സഹജീവികളെ സ്നേഹിക്കുന്നതിൽ വന്ന പരാജയം നിമിത്തം സ്വർഗ്ഗീയ ദർശനം താമസിക്കുന്നുവെന്നതാണ്.

കത്തോലിക്കാസഭയുടെ മതബോധന ഗ്രന്ഥം ശുദ്ധീകരണ സ്ഥലത്തിന് മറ്റൊരുപേര് കൂടി നൽകുന്നതാണ് 'അന്തിമ ശുദ്ധീകരണം'. ദൈവത്തിന്റെ കൃപാവരത്തിലും സൗഹൃദത്തിലും മരിക്കുന്നവർ പൂർണ്ണമായി ശുദ്ധീകരിക്കപ്പെട്ടവരല്ലെങ്കിലും നിത്യരക്ഷ

യുടെ ഉറപ്പ് നേടിയവരാണ്. എന്നാൽ സ്വർഗ്ഗീയാനന്ദത്തിലേക്ക് പ്രവേശിക്കാൻ ആവശ്യമായ വിശുദ്ധി നേടുന്നതിനുവേണ്ടി മരണാനന്തരം ശുദ്ധീകരണത്തിന് വിധേയരായി തീരുന്നു. തെരഞ്ഞെടുക്കപ്പെട്ടവരുടെ ഈ അന്തിമ വിശുദ്ധീകരണത്തെ സഭ ശുദ്ധീകരണ സ്ഥലം എന്ന് വിളിക്കുന്നു (ccc 1030-1031)

ശുദ്ധീകരണാത്മാക്കൾക്കുവേണ്ടി നിരന്തരമായി എല്ലാ ദിനവും നാം പ്രാർത്ഥിക്കേണ്ടിയിരിക്കുന്നു. മരിച്ചവരുടെ പാപപരിഹാരത്തിനുവേണ്ടി പ്രാർത്ഥിക്കുന്നത് ഉത്തമവും രക്ഷാകരവുമാണ്. ശുദ്ധീകരണാത്മാക്കൾക്കുവേണ്ടി പ്രാർത്ഥിക്കുകയെന്നത് നമ്മുടെ കടമയാണ്, ഔദാര്യമല്ല. കടമ നിർവ്വഹിച്ചില്ലെങ്കിൽ കടങ്ങൾ അവശേഷിക്കും. ഈ കടം നമ്മൾതന്നെ നമ്മുടെ ജീവിതം കൊണ്ട് ഈ ഭൂമിയിൽ വെച്ചുതന്നെ വീട്ടണം. സഹനങ്ങളിലൂടെ രോഗങ്ങളിലൂടെ.

സ്വന്തം ആത്മരക്ഷക്കായും ശുദ്ധീകരണാത്മാക്കളുടെ ആത്മരക്ഷക്കായും നമുക്കും നമ്മുടെ പ്രാർത്ഥനകൾ, വി. കുർബാന, ദാനധർമ്മം, പ്രായശ്ചിത്ത പ്രവർത്തികൾ, കുരിശിന്റെ വഴി, ഗ്രിഗോറിയൻ കുർബാന, കാരുണ്യ പ്രവൃത്തികൾ, ഭാഗികമായ ദണ്ഡവിമോചനം, പൂർണ്ണ ദണ്ഡവിമോചനം എന്നിവ കാഴ്ചവെക്കാം. വി. കൊച്ചുത്രേസ്യ പറയുന്നു "ദൈവത്തിന്റെ കരുണയിൽ ആശ്രയിച്ചാൽ ശുദ്ധീകരണ സ്ഥലം ഒഴിവായി കിട്ടുമെന്ന്. നമുക്കും ദൈവകരുണയിൽ ആശ്രയിക്കാം. അനേകായിരങ്ങളെ സ്വർഗ്ഗത്തിലേക്ക് നയിക്കാം.



**കുന്നംകുളം സെന്റ് സെബാസ്റ്റ്യൻ ഇടവക**

## സെന്റ് സേവ്യർ കുടുംബകൂട്ടായ്മ

# വാർഷികം

**2025 നവംബർ 23 ഞായറാഴ്ച വൈകീട്ട് 6.30ന്**
**സെഹിയോൻ ശാല (പള്ളി പാരിഷ് ഹാൾ)**

*ഉദ്ഘാടനം*

**റവ. ഫാ. ഡെയ്സൻ മുണ്ടോപുറം** (ഇടവക വികാരി)

**കലാപരിപാടികൾ** | **സമ്മാനദാനം** | **സ്നേഹവിരുന്ന്**

| പ്രസിഡണ്ട് | സെക്രട്ടറി | ട്രഷറർ |
|---|---|---|
| **എം.എൽ. മാണി** | **ബീന സജി** | **എം.എൽ. സുനിൽ** |

# സംഘടനാ വാർത്തകൾ

**ഗായകസംഘം**

* ഒക്ടോബർ 19 ഞായറാഴ്ച വൈകീട്ട് 2 മണിക്ക് ഇടവകാംഗ ങ്ങൾക്കായി മരിയൻ ഗാനാലാപന മത്സരം നടത്തി.

**റോസ മിസ്റ്റിക്ക അൾത്താര ഡെക്കറേഷൻ സമിതി**

* ജപമാല മാസത്തോടനുബന്ധിച്ച് ദൈവാലയം അലങ്കരിക്കുക യും, മാതാവിന്റെ രൂപം ഒരുക്കുകയും ചെയ്തു.
* ഒകടോബർ 26ന് വൈകീട്ട് 4.30ന് ജപമാല റാലിയ്ക്ക് നേതൃത്വം നൽകി.
* ജപമാല രാജ്ഞി തിരുനാളിനോടനുബന്ധിച്ച് ഒക്ടോബർ 31ന് വൈകീട്ട് വി. കുർബാനക്ക് ശേഷം നേർച്ചപായസ വിതരണം നടത്തി.

**കെ.എൽ.എം.**

* ഒക്ടോബർ 26ന് വൈകീട്ട് 4.30ന് ജപമാല റാലിയ്ക്ക് നേതൃത്വം നൽകി.

**കത്തോലിക്ക കോൺഗ്രസ്സ്**

* സംഘടനയുടെ നേതൃത്വത്തിൽ ഒക്ടോബർ 26ന് കുടുംബകൂ ട്ടായ്മ അടിസ്ഥാനത്തിൽ ബൈബിൾ ക്വിസ് മത്സരം നടത്തി.

**മാതൃവേദി**

* ഒക്ടോബർ 26ന് വൈകീട്ട് 4.30ന് ജപമാല റാലിയ്ക്ക് നേതൃത്വം നൽകി.

**തിരുബാലസഖ്യം**

* ഒക്ടോബർ 1 മുതൽ 31 വരെ സംഘടനാംഗങ്ങൾ പരിശുദ്ധ മാതാവിന് ജപമാല ചാർത്തി.

**യൂത്ത് സി.എൽ.സി.**

* ഒക്ടോബർ 1 മുതൽ 10 വരെ ഇടവകതല ജപമാല സമർപ്പ ണത്തെ തുടർന്നുള്ള ദിവ്യകാരുണ്യ പ്രദക്ഷിണത്തിനായി ഇടവ കാംഗങ്ങൾക്ക് തിരിതെളിയിച്ച് നൽകുകയും പ്രദക്ഷിണത്തിൽ ആരതി ഉഴിയുകയും ചെയ്തു. പ്രദക്ഷിണത്തിൽ മാതാവിന്റെ തിരുസ്വരൂപം വഹിക്കുവാനും നേതൃത്വം നൽകി.
* വികാരിയച്ചൻ 33 വി. കുർബാന അർപ്പിച്ചു പ്രാർത്ഥിച്ച ഒരു ജപ മാല ഒക്ടോബർ മാസത്തിലെ 31 ദിവസവും അംഗങ്ങൾ കൈമാറി ക്കൊണ്ട് 24 സോഷ്യൽ സെന്ററുകളിലെ കുട്ടികൾക്കും 7 അനാഥാ ലയത്തിലെ അന്തേവാസികൾക്കും വേണ്ടി പ്രാർത്ഥിച്ചു.
* ഒക്ടോബർ 25ന് വൈകീട്ട് സെമിത്തേരി വൃത്തിയാക്കി.

**അൾത്താരസംഘം**


* ഒക്ടോബർ 1ന് പ്രയർ ഫണ്ട് 2025 നടത്തി.

**ജൂനിയർ സി.എൽ.സി.**

* ഒക്ടോബർ 1ന് രാവിലെ 6 മണിക്ക് മാതൃനിയോഗസമർപ്പണം നടത്തി.
* അന്നേദിവസം വൈകീട്ട് 5.30ന് ജൂനിയർ സി.എൽ.സി. പതാക വന്ദനവും വി. കൊച്ചുത്രേസ്യയുടെ തിരുനാളിനോടനുബന്ധിച്ച് പുഷ്പാർച്ചന, ലദ്ദീഞ്ഞ്, നൊവേന, കൊച്ചുത്രേസ്യ ആദരം എന്നിവയ്ക്ക് നേതൃത്വം നൽകി.
* ഒക്ടോബർ 31ന് 12 മണിക്കൂർ അഖണ്ഡജപമാല നേതൃത്വം നൽകി.
* ഒക്ടോബർ 26ന് ജപമാലറാലിയിൽ ക്ലാസ്സ് അടിസ്ഥാനത്തിൽ മികച്ച വിശുദ്ധനേയും മാതാവിനേയും അവതരിപ്പിച്ച ക്ലാസിന് ആദരം നൽകി.

**സംഘടന / സമിതി മീറ്റിംഗുകളുടെ ദിവസവും സമയവും**

| | |
|---|---|
| ഒന്നാം ഞായർ രാവിലെ 7.30ന് | കുടുംബകൂട്ടായ്മ കേന്ദ്രസമിതി |
| ഒന്നാം ഞായർ രാവിലെ 10.30ന് | വിശ്വാസപരിശീലന അധ്യാപക സമിതി |
| ഒന്നാം ഞായർ വൈകീട്ട് 5.00ന് | അൾത്താരസംഘം |
| ഒന്നാം ബുധൻ വൈകീട്ട് 5.00ന് | പ്രാർത്ഥനാ ഗ്രൂപ്പ് |
| രണ്ടാം ഞായർ രാവിലെ 7.30ന് | കെ. എൽ. എം. |
| രണ്ടാം ഞായർ രാവിലെ 10.30ന് | യൂത്ത് സി. എൽ. സി. |
| രണ്ടാം ഞായർ വൈകീട്ട് 5.00ന് | ഗായകസംഘം |
| മൂന്നാം ശനി വൈകീട്ട് 8.00ന് | ടച്ച് മീ എഡിറ്റോറിയൽ ബോർഡ് |
| മൂന്നാം ഞായർ രാവിലെ 7.30ന് | ഇടവക പ്രതിനിധിയോഗം |
| മൂന്നാം ഞായർ രാവിലെ 10.30ന് | തിരുബാലസഖ്യം |
| മൂന്നാം ഞായർ രാവിലെ 10.30ന് | ജൂനിയർ സി. എൽ. സി. |
| മൂന്നാം ഞായർ വൈകീട്ട് 5.00ന് | ജീസസ് യൂത്ത് |
| നാലാം ഞായർ രാവിലെ 7.30ന് | കത്തോലിക്കാ കോൺഗ്രസ്സ് |
| നാലാം ഞായർ രാവിലെ 10.30ന് | മാതൃവേദി |
| നാലാം ഞായർ വൈകീട്ട് 5.00ന് | കെ. സി. വൈ. എം. |
| അഞ്ചാം ഞായർ രാവിലെ 7.30ന് | ഭക്തസംഘടന ഏകോപനസമിതി |
| അഞ്ചാം ഞായർ രാവിലെ 10.30ന് | റോസമിസ്റ്റിക്ക അൾത്താര ഡെക്കറേഷൻ സമിതി |


my 1st Birthday
27/11/2025
Catherin C. M
D/o. Martin C.T. & Mrs. Sneha Maria P.S.
Chungath House
Kakkad, Kunnamkulam




Near Veterinary Hospital, Pattambi Road, Kunnamkulam. Tel: 9207 211078

Thrissur Road, Kunnamkulam. Tel: 9400211078

KM Trading, Abu Shagara, Sharjah - UAE.

T: 06-5570879. M: 00971564465704

www.tharakansroyaljewellery.com

100% BUY BACK FOR DIAMOND VALUE · HUID CERTIFIED JEWELLERY · Certified by INTERNATIONAL GEMOLOGICAL INSTITUTE

# ഇടവക ആൽബം

കുട്ടിക്കൂട്ടായ്മ കൊന്ത നിർമ്മാണം



കുട്ടിക്കൂട്ടായ്മ ജപമാല സമർപ്പണം



കുട്ടിക്കൂട്ടായ്മ ബാനർ



ജൂബിലി കവാട പ്രവേശന തീർത്ഥാടനം



ഇടവകതല ജപമാല സമർപ്പണം



വി. കൊച്ചുത്രേസ്യയുടെ തിരുനാൾ & ജൂനിയർ സി.എൽ.സി. പതാകദിനം



# ഇടവക ആൽബം


## കുടുംബകൂട്ടായ്മതല ജപമാല സമർപ്പണം



## ചിൽഡ്രൻസ് മിനിസ്ട്രി ഫൊറോനതല ഫെസ്റ്റ് റണ്ണറപ്പ്




## അമ്മയ്ക്കൊരു സാരി



## യൂത്ത് സൺഡേ ഈവനിംഗ്



# ഇടവക ആൽബം

## അമ്മയ്ക്കൊരു ജപമാല സമർപ്പണം



## ഇടവക ജപമാല റാലി




ആദ്യഫല ലേലം



വിശുദ്ധരുടെ പുണ്യസംഗമം



മാതാവിന്റെ സ്നേഹസംഗമം



## മിഴിവിളക്ക്

# കാവൽ മാലാഖ

### 12. ഹഹായിയാ : " അഭയമായ ദൈവം"
### (മെയ് 16-20 തിയ്യതികളിൽ ജനിച്ചവർക്ക്)

ദൗർഭാഗ്യത്തിനെതിരെ ഏറ്റം ശക്തമായ പടച്ചട്ട തരുന്ന ദൂതനാണ് ഹഹായിയാ. തന്റെ സംരക്ഷണത്തിലുള്ളവരെ പ്രകാശ പൂരിതമായ ജീവിതാവസ്ഥകളിലേക്ക് ഇദ്ദേഹം നയിക്കുന്നു. അപകടങ്ങളെ ഒഴിവാക്കിക്കളയാനുള്ള അപാരമായ ശക്തി ഹഹായിയാക്കുണ്ട്. മോശമായ ഇടങ്ങളിൽ കുരുങ്ങിക്കിടക്കുന്നവരുടെ ജീവിതങ്ങളിലേക്ക് ദൈവികശക്തിയുമായി ഈ കാവൽമാലാഖ കടന്നുവരുന്നു. നാം സ്വർഗ്ഗത്തിലേക്കു കണ്ണുകളുയർത്തി പ്രാർത്ഥിച്ചാൽ മാത്രം മതി. നാടകീയമായ സന്ദർഭങ്ങളിൽ, വിശേഷിച്ച് നിങ്ങൾ ഒരു ജീവനെ രക്ഷിക്കാൻ ശ്രമിക്കുമ്പോൾ സ്നേഹം പ്രകടമാകുന്നു. അത് സ്വർഗ്ഗത്തിൽനിന്നു വരുന്നതാണ്. ഒരു സ്വപ്നം പോലെ, അയഥാർത്ഥമായ പ്രവൃത്തിപോലെ പീഢിപ്പിക്കപ്പെടുന്നവർക്ക് സമാധാനവും സംരക്ഷണവും ഈ മാലാഖ കൊടുക്കുന്നു.

പ്രാർത്ഥന : സ്നേഹത്തിന്റെ സൗന്ദര്യവും ആഴവും ശരിയാം വിധം മനസ്സിലാക്കാൻ തക്കവിധം മനുഷ്യപുത്രന്റെ സഹനങ്ങൾ എനിക്കു വെളിപ്പെടുത്തിത്തന്നാലും. എന്റെ സഹോദരീ സഹോദരരിലേക്ക് സ്നേഹം തടസ്സമില്ലാതെ ഒഴുക്കാൻ എന്നെ പ്രാപ്തനാക്കണമേ. അസ്വസ്ഥമാനസങ്ങളിൽ ശാന്തി പകരാൻ എന്നെ സഹായിക്കുക. സ്നേഹത്തിന്റെ കാര്യത്തിലുള്ള ആശയക്കുഴപ്പങ്ങൾ അകറ്റിയാലും പ്രശ്നങ്ങൾ നിറഞ്ഞ സാഹചര്യങ്ങളിൽ നേതാവാകാൻ ശ്രമിക്കാതെ മധ്യസ്ഥനായി വർത്തിക്കാൻ എന്നെ സഹായിച്ചാലും.

ഉപദേശം : നിനക്ക് സ്വപ്നങ്ങൾ ദർശിക്കാനുള്ള വരം ഞാൻ തരുന്നു. അവയിലൂടെ എന്റെ ലോകം നിനക്ക് കാണാനാകും. എന്നെ ഞാൻ നിന്റെ പ്രകൃതത്തിൽ ഉൾച്ചേർന്നിരിക്കുന്നതിനാൽ നിനക്ക് സ്നേഹം എന്തെന്ന് മനസ്സിലാക്കാൻ കഴിയും. നിന്നിലൂടെ എന്റെ മറ്റു പ്രിയരും എന്നിലേക്ക് കടന്നുവരുമാറാകട്ടെ. നിന്റെ സഹോദരന് എന്റെ ദിവ്യസ്നേഹം തിരിച്ചറിയാനുള്ള മാർഗമായി നീ മാറുക.

തയ്യാറാക്കിയത്
ഏകോപനസമിതി, കുന്നംകുളം

# നിറം കൊടുക്കാമോ

ചിൽഡ്രൻസ് കോർണർ

ഈ ചിത്രത്തിന് നിറം കൊടുത്ത് പേരും, ക്ലാസ്സും, കുടുംബകൂട്ടായ്മയുടെ പേരും, ഫോൺ നമ്പറും എഴുതി ടച്ച്മീ ബോക്സിൽ 15-ാം തിയ്യതിക്ക് മുമ്പ് നിക്ഷേപിക്കുക

(ഈ മത്സരം 7-ാം ക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികൾക്ക് മാത്രം)



പേര് : ................................................................ ക്ലാസ്സ് : ....................

കുടുംബകൂട്ടായ്മ : ........................................ ഫോൺ നമ്പർ :..............................

**കഴിഞ്ഞ ലക്കം നിറം കൊടുക്കാമോ വിജയി**

Angelo Robin , Class : III, St. Thomas Kudumbakoottayma

*വിജയികൾക്കുള്ള സമ്മാനങ്ങൾ ഇടവകദിനപൊതുയോഗത്തിൽ വെച്ച് നൽകുന്നതാണ്

### ജൂനിയർ സി.എൽ.സി. പംക്തി



# ലിസ്യുവിലെ വിശുദ്ധ കൊച്ചുത്രേസ്യ

ആനി വർഗ്ഗീസ്



ജനുവരി 2, 1873ൽ ജനിച്ചു. ചെറുപുഷ്പം എന്നും അറിയപ്പെടുന്നു. 15-ാം വയസ്സിൽ രണ്ട് സഹോദരിമാരോടൊപ്പം സന്യാസജീവിതം ആരംഭിച്ചു. ഒരു ആത്മാവിന്റെ കഥ (Story of Soul) എന്ന ആത്മകഥാപരമായ പുസ്തകം എഴുതി. 24-ാം വയസ്സിൽ ക്ഷയരോഗം കാരണം അന്തരിച്ചു. 1925ൽ പതിനൊന്നാം പീയൂസ് മാർപാപ്പ വിശുദ്ധയായി പ്രഖ്യാപിച്ചു. 1927ൽ വിശുദ്ധ ഫ്രാൻസീസ് സേവ്യറിനോടൊപ്പം അഖിലലോക മിഷൻ മദ്ധ്യസ്ഥയായി തെരഞ്ഞെടുക്കപ്പെട്ടു. 1997ൽ കത്തോലിക്കാ സഭ അവളെ വേദപാരംഗതയായി പ്രഖ്യാപിച്ചു.

വി. കൊച്ചുത്രേസ്യായെ ചെറുപുഷ്പമേ, സ്വർഗ്ഗീയോദ്യാനങ്ങളിൽ നിന്ന് ഒരു റോസാപൂ പറിച്ചെടുത്ത് ഒരു സ്നേഹ സന്ദേശത്തോടൊപ്പം ഞങ്ങൾക്ക് അയച്ചു തരണമേ... ഞങ്ങൾക്കു നൽകണമേയെന്ന് ദൈവത്തോട് അപേക്ഷിക്കണമേ... ദിവസവും ഞങ്ങൾ അവിടുത്തെ കൂടുതൽ സ്നേഹിച്ചുകൊള്ളാമെന്ന് അവിടുത്തേക്ക് ഉറപ്പുനൽകുകയും ചെയ്യണമേ, ആമ്മേൻ.

## അഭിനന്ദനങ്ങൾ



**തൃശൂർ അതിരൂപത സി.എൽ.സി. സാഹിത്യമത്സരത്തിൽ**
**കഥാ രചനയിൽ രണ്ടാം സ്ഥാനം നേടിയ**
**കൂത്തൂർ ലോയ്ഡ് - ഫ്ളോറൻസ് മകൾ**

**സ്നേഹ ലോയ്ഡിന്**

**കുന്നംകുളം സെന്റ് സെബാസ്റ്റ്യൻ ഇടവക കുടുംബത്തിന്റെ**
**അഭിനന്ദനങ്ങൾ**

ചിൽഡ്രൻസ് കോർണർ

# അടിക്കുറിപ്പ് മത്സരം

**ഈ ചിത്രത്തിന് അടിക്കുറിപ്പെഴുതി പേരും, ക്ലാസ്സും, കുടുംബകൂട്ടായ്മയുടെ പേരും, ഫോൺ നമ്പറും എഴുതി ടച്ച് മീ ബോക്സിൽ 15-ാം തിയ്യതിക്ക് മുമ്പായി നിക്ഷേപിക്കുക**

(ഈ മത്സരം എ.സി.സി. ക്ലാസ്സ് ഉൾപ്പെടെയുള്ള വിദ്യാർത്ഥികൾക്ക് മാത്രം)



പേര് : ............................................................ ക്ലാസ്സ് : ....................

കുടുംബകൂട്ടായ്മ: ........................................ ഫോൺ നമ്പർ :..............................



**കഴിഞ്ഞ ലക്കം അടിക്കുറിപ്പ് മത്സരം വിജയി**

**ഇവാനിയ വിനു**

Std : V, St. Thomas Kudumbakoottayma

*"പാല് കുടിച്ച് മടുത്തു
ഇനി ഒന്നു വിശ്രമിക്കാം"*

**വിജയികൾക്കുള്ള സമ്മാനങ്ങൾ ഇടവകദിനപൊതുയോഗത്തിൽ വെച്ച് നൽകുന്നതാണ്*

# ടച്ച് മീ

TOUCH ME

## പാരിഷ് ബുള്ളറ്റിൻ


# വചന കലണ്ടർ

# 2025 നവംബർ NOVEMBER

| ഞായർ | തിങ്കൾ | ചൊവ്വ | ബുധൻ | വ്യാഴം | വെള്ളി | ശനി |
|---|---|---|---|---|---|---|
| | | | | | | **01**<br>1യോഹ 3:1-3<br>മത്താ 5:1-12 |
| **02**<br>ഏശ 40:17-29, 34-38<br>(40:17-38)<br>ഏശ 6:1-8(6:1-13)<br>1 കോറി 12:1-13 (12:27-13:13)<br>(12:27-13:13)<br>മത്താ 16:13-19 | **03**<br>യാക്കോ 3:6-12<br>ലൂക്കാ 20:1-8 | **04**<br>ഹെബ്രാ 6:1-6<br>ലൂക്കാ 21:1-4 | **05**<br>കൊളോ 1:21-23<br>ലൂക്കാ 1:5-25 | **06**<br>വെളി 3:8-13<br>മത്താ 9:35-38 | **07**<br>1 പത്രോ 1:13-20<br>ലൂക്കാ 19:1-10 | **08**<br>ശ്ലീഹ 10:9-16<br>ലൂക്കാ 5:1-11 |
| **09**<br>പുറ 40:1-16 (39:32-40:16)<br>1 രാജാ 8:22-29(8:10-29)<br>ഹെബ്രാ 8:1-6(8:1-9:10)<br>മത്താ 12:1-13 (12:1-21) | **10**<br>2 കോറി 4:11-15<br>മത്താ 19:16-22 | **11**<br>1 കോറി 4:1-5<br>യോഹ 6:47-53 | **12**<br>2 കോറി 11:7-15<br>മർക്കോ 10:28-30 | **13**<br>2 കോറി 11:16-21<br>ലൂക്കാ 10:8-16 | **14**<br>ഗലാ 4:12-20<br>യോഹ 14:1-7 | **15**<br>3 യോഹ 5-12<br>ലൂക്കാ 22:24-30 |
| **16**<br>സംഖ്യ 9:15-18<br>(7:1-10& 9:15-18)<br>ഏശ 54:1-10 (54:1-15)<br>ഹെബ്രാ 9:5-15 (9:1-15)<br>യോഹ 2:13-22 (2:13-22) | **17**<br>ഹെബ്രാ 13:9-16<br>ലൂക്കാ 11:1-4 | **18**<br>യൂദാ 17-25<br>ലൂക്കാ 8:1-3 | **19**<br>കൊളോ 3:22-25<br>മത്താ 16:21-28 | **20**<br>വെളി 19:5-10<br>മത്താ 22:1-14 | **21**<br>റോമാ 8:26-30<br>ലൂക്കാ 1:46-55 | **22**<br>വെളി 21:9-14<br>ലൂക്കാ 9:10-17 |
| **23**<br>1 രാജാ 6:11-19 (6:1-19)<br>ഏശയ്യാ 43:1-7<br>(43:1-7, 44:1-5)<br>ഹെബ്രാ 9:16-28<br>മത്താ 22:41-46(22:41-23:22) | **24**<br>വെളി 4:1-11<br>മത്താ 6:19-21 | **25**<br>1 തെസ 4:1-8<br>മർക്കോ 5:25-34 | **26**<br>ഹെബ്രാ 11-4<br>മർക്കോ 12:18-27 | **27**<br>1 പത്രോ 1:3-7<br>യോഹ 17:12-19 | **28**<br>വെളി 14:1-7<br>ലൂക്കാ 19:45-48 | **29**<br>1 പത്രോ 4:1-10<br>യോഹ 12:37-43 |
| **30**<br>ഉത്പ 17:1-5, 15-19<br>മല 2:17-3:5<br>ഹെബ്രാ 11:1-12<br>ലൂക്കാ 1:5-20 | 01<br>റോമാ 4:1-12<br>മത്താ 7:21-27 | 02<br>റോമാ 4:13-21<br>യോഹ 1:1-8 | 03<br>2 കോറി 6:3-10<br>മർക്കോ 6:7-13 | 04<br>റോമാ 9:30-33<br>ലൂക്കാ 1:21-25 | 05<br>യാക്കോ 1:22-27<br>മത്താ 5:1-12 | 06<br>2 തിമോ 4:1-8<br>ലൂക്കാ 14:25-33 |

# 9th HAPPY Birthday

21-11-2025




D/o. Deryk Sunny & Abitha Deryk
Veerampully House
Kanippayoor P.O., Kunnamkulam

**Best Compliments From : Appappan & Ammamma**





## MIKHAEL ലബോറട്ടറി GOLD PACKAGE

Rs. 300 പാക്കേജിൽ ഉൾപ്പെട്ടിരിക്കുന്ന ടെസ്റ്റുകൾ

1. FBS
2. PPBS
3. CHOLESTEROL
4. CREATINE
5. CBC
6. URINE ROUTINE
7. HBA1C/TSH
8. ECG

## MIKHAEL ലബോറട്ടറി SIMPLE PACKAGE

Rs. 500 പാക്കേജിൽ ഉൾപ്പെട്ടിരിക്കുന്ന ടെസ്റ്റുകൾ

1. FBS
2. PPBS
3. LIPID PROFILE
4. RFT
5. LFT
6. CBC
7. URINE ROUTINE

## MIKHAEL ലബോറട്ടറി HEALTH CHECKUP

Rs. 600 പാക്കേജിൽ ഉൾപ്പെട്ടിരിക്കുന്ന ടെസ്റ്റുകൾ

1. FBS
2. PPBS
3. LIPID PROFILE
4. RFT
5. LFT
6. CBC
7. URINE ROUTINE
8. TSH/HBA1C

## MIKHAEL ലബോറട്ടറി FULL BODY CHECKUP

Rs.1000 പാക്കേജിൽ ഉൾപ്പെട്ടിരിക്കുന്ന ടെസ്റ്റുകൾ

1. FBS
2. PPBS
3. RFT
4. LFT
5. LIPID PROFILE
6. SODIUM
7. POTTASIUM
8. URINE ROUTINE
9. CBC
10. TFT/HBA1C

## ആധുനിക സജ്ജീകരണങ്ങളോടുകൂടിയ മെഡിക്കൽ ലബോറട്ടറി

എല്ലാവിധ ലബോറട്ടറി
പരിശോധനകളും കുറഞ്ഞ നിരക്കിൽ
ഹെൽത്ത് കാർഡ്,
മെഡിക്കൽ സർട്ടിഫിക്കറ്റ് എന്നിവ
എടുക്കാൻ സൗകര്യം
ഹോം കളക്ഷൻ സർവ്വീസ്
മുൻകൂട്ടി ബുക്കിംഗ് പ്രകാരം
വീടുകളിൽ
നിന്നും സാമ്പിൾ ശേഖരിക്കുന്നു.

## MIKHAEL ലബോറട്ടറി GYM SMART PACKAGE

Rs.1500 പാക്കേജിൽ ഉൾപ്പെട്ടിരിക്കുന്ന ടെസ്റ്റുകൾ

1. CBC
2. RFT
3. LIPID PROFILE
4. SERUM ALBUMIN
5. TFT
6. SODIUM
7. POTTASIUM
8. CALCIUM
9. VITAMIN - D

# MIKHAEL
BIO TECH DIAGNOSTICS CENTER
ലബോറട്ടറി

Liwa Tower Shopping Complex
**KUNNAMKULAM ✆ 8 30 40 80 444**

**ഞായറാഴ്ചകളിൽ തുറന്ന് പ്രവർത്തിക്കുന്നു**
**പ്രവർത്തന സമയം : രാവിലെ 7 മണി മുതൽ ഉച്ചക്ക് 12 മണി വരെ**

Published by : Chief Editor, Touchme, Kunnamkulam - for Private Circulation only Printed at : Nirmala Hiprint Pvt. Ltd. Thrissur - Layout : Mcube Graphics KKM